**CONSUMER GRIEVANCE REDRESSAL FORUM**
**KERALA STATE ELECTRICITY BOARD LTD- SOUTHERN REGION**
**VYDYUTHI BHAVANAM, KOTTARAKKARA**

---

Present: 1. Smt.Laila.N.G,Deputy Chief Engineer, Chairperson
2. Smt. Sajina.T,Executive Engineer, Member II
3. Sri.C.K.Harikumar, Advocate,Member III

Tuesday16th December,2025

**OP No.40/2025-26**

Between

Petitioner: Sri. Surendran Raghavan
Shastri Bhavan (South)
Mynagappally (P.O)
Mynagappally
PIN -690519

And

Respondents : (1) The Assistant Executive Engineer
Electrical Sub Division, Sasthamkottah.

(2) The Assistant Engineer,
Electrical Section, Mynagappally

**ഉത്തരവ്**

**1. . പരാതിക്കാരന്റെ വിശദീകരണം.**

കൊല്ലം ജില്ലയിൽ മൈനാഗപ്പള്ളി ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിൽ വരുന്ന കൺസ്യൂമർ നമ്പർ 1146597005459 വൈദ്യുതി കണക്ഷൻ പരാതിക്കാരനായ ശ്രീ. സുരേന്ദ്രൻ രാഘവന്റെ കുടുംബ വീട്ടിലേയ്ക്ക് 1972-ൽ 2 പോസ്റ്റ് സ്ഥാപിച്ചു. എടുത്തിട്ടുള്ളതാണ്. എന്നാൽ ഇന്ന് 12 ഗാർഹിക കണക്ഷൻ ഈ പോസ്റ്റിൽ നിന്നും പോകുന്നതായി പരാതിക്കാരൻ പറയുന്നു. കൂടാതെ സ്ട്രീറ്റ് ലൈറ്റുകൾ സഹിതം കണക്ഷൻ കൊടുത്തിട്ടുള്ളതാകുന്നു. പരാതിക്കാരന്റെ വസ്തുവിലുള്ള പോസ്റ്റിൽ നിന്നും പരാതിക്കാരന്റെ അറിവോ സമ്മതമോ ഇല്ലാതെയാണ് സ്ട്രീറ്റ് ലൈൻ ഉൾപ്പെടെയുള്ള എല്ലാ കണക്ഷനുകളും എടുത്തിട്ടുള്ളതെന്ന് പരാതിക്കാരൻ പറയുന്നു. എന്നാൽ ഇപ്പോൾ ഈ പോസ്റ്റിനോട് ചേർന്ന് തൊട്ടടുത്ത് റോഡിൽ ഒരു പോസ്റ്റ് സ്ഥാപിച്ചിട്ടുണ്ട്. അടുത്ത വീടിന് ഭീഷണി

വരുംവിധം പരാതിക്കാരന്റെ മരങ്ങൾ വളർന്നതിനാൽ അവ മുറിച്ച് മാറ്റാൻ തീരുമാനിക്കുകയും അതിനായി ലൈനുകൾ അഴിച്ചുമാറ്റാനും നിലവിലുള്ള കണക്ഷനുകൾ റോഡിൽ കൂടി മാറ്റി സ്ഥാപിക്കുവാനും വേണ്ട നടപടി സ്വീകരിക്കണമെന്ന് സെക്ഷൻ ഓഫീസിൽ *28.03.2025*-ൽ കെ.എസ്.ഇ.ബി മൈനാഗപ്പള്ളി സെക്ഷൻ ഓഫീസിൽ പരാതി നൽകുകയും ചെയ്തു .എന്നാൽ ലൈൻ അഴിച്ചു മാറ്റുകയും മരം മുറിക്കൽ കഴിഞ്ഞു വീണ്ടും പരാതിക്കാരന്റെ വസ്തുവിൽ കൂടി തന്നെ ലൈനുകൾ പുന:സ്ഥാപിക്കുകയുമാണ്. കെ.എസ്.ഇ.ബി അധികൃതർ ചെയ്തത്. ഇതിലേയ്ക്ക് കെ.എസ്.ഇ.ബി-യിൽ നിന്നും ലഭിച്ച എസ്റ്റിമേറ്റ് ബിൽ പ്രകാരം 3610/-രൂപ അടച്ചു. ബിൽ പ്രകാരം 9 ലൈൻ അഴിച്ചു മാറ്റിയതിനാണ് ബിൽ അടപ്പിച്ചതെന്ന് ഹർജിക്കാരൻ പറയുന്നു. അഴിച്ചു മാറ്റിയ ലൈനുകളിൽ 3 എണ്ണം റോഡിൽ നിന്നും വന്നതും , 3 എണ്ണം റോഡിലെ ആദ്യ പോസ്റ്റിലേയ്ക്ക് ,3 എണ്ണം അടുത്ത പോസ്റ്റിലേയ്ക്ക് ഉള്ളവയാണ്. അന്നുണ്ടായിരുന്ന റോഡിൽ കൂടി ചെയ്തിരുന്നെങ്കിൽ 2 ലൈൻ അഴിച്ചതിനുള്ള തുകയായ 800/- രൂപ മതിയാകുമായിരുന്നു എന്ന് പരാതിക്കാരൻ പറയുന്നു. ആയതിനാൽ പരാതിക്കാരന്റെ വസ്തുവിൽ നിന്നും സ്ട്രീറ്റ് ലൈനുകൾ ഉൾപ്പെടെ റോഡിലേക്ക് മാറ്റി സ്ഥാപിക്കാനും ടി സേവനത്തിന് അധികമായി ഈടാക്കിയ തുക തിരികെ ലഭ്യമാക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട ഫോറത്തോട് അപേക്ഷിക്കുന്നു.

## 2. <u>എതിർ കക്ഷിയുടെ വിശദീകരണം</u>

ഹർജിക്കാരനായ ശ്രീ.സുരേന്ദ്രൻ രാഘവൻ (1146590005098) ശാസ്ത്രിഭവൻ, മൈനാഗപ്പള്ളി സൌത്ത്, തന്റെ കുടുംബവീട്ടിലേയ്ക്കുള്ള വൈദ്യുതി കണക്ഷൻ (Con.No.5459) ന്റെ ലൈൻ അഴിച്ചുമാറ്റുന്നതുമായി ബന്ധപ്പെട്ട് പരാതിയിൽ മൈനാഗപ്പള്ളി സെക്ഷൻ ഓഫീസ് അസിസ്റ്റന്റ് എഞ്ചിനീയർ പ്രസ്തുത പ്രമിസസ് ഇൻസ്പെക്ഷൻ നടത്തിയിട്ടുണ്ട്. പരാതിയിൽ പരമാർശിക്കുന്ന പരാതിക്കാരന്റെ വസ്തുവിൽ സ്ഥിതി ചെയ്യുന്ന സ്റ്റേയും പോളും പഞ്ചായത്ത് റോഡിൽ നിന്നും 3 മീറ്റർ അകലത്തിലാണ് സ്ഥിതി ചെയ്യുന്നത് എന്ന് മനസ്സിലാക്കുവാൻ കഴിഞ്ഞു. ടി പോസ്റ്റ് റോഡ് സൈഡിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിലേയ്ക്കായി 9500/- രൂപ എസ്റ്റിമേറ്റ് തുക ആവശ്യമായി വരുന്നുണ്ട് എന്ന് ലൈസൻസി ബോധിപ്പിച്ചു. . പരാതിക്കാരന്റെ പ്രിമിസിസിലുള്ള പോസ്റ്റിൽ നിന്നും റോഡിന്റെ എതിർ വശത്തേയ്ക്ക് ഓവർഹെഡ് ലൈൻ വലിച്ചിട്ടുണ്ട് . ആ റൂട്ടിലൂടെ നേരിട്ട് ഒരു ത്രി ഫേയിസ് കണക്ഷൻ നൽകുക എന്നത് സാങ്കേതികപരമായി ചെയ്യുവാൻ

സാധിക്കുന്നതല്ല. തൊട്ടടുത്ത വീടിന്റെ മുൻപിലൂടെ ക്രോസിംഗ് വരുമെന്നതിനാലാണ് ഇത് സാധ്യമാകാത്തത്. ഇവിടെ Statutory safety clearance പാലിക്കാൻ സാധിക്കാത്തതുമാണ്.

എസ്റ്റിമേറ്റ് തുകയായ 9500/- രൂപയും ആപ്ലിക്കേഷൻ ഫീസിനത്തിൽ 300/- രൂപയും അടയ്ക്കുകയും പരാതിക്കാരന്റെ വസ്തുവിന്റെ അതിർത്തിയിൽ സ്ഥിതി ചെയ്യുന്ന പുളിമരം മുറിച്ച് മാറ്റുകയും ചെയ്യുന്ന മുറയ്ക്ക് മേൽ പറഞ്ഞ ജോലികൾ ചെയ്യാവുന്നതാണ് എന്ന് ലൈസൻസി ബോധിപ്പിച്ചു.

## 3 വിലയിരുത്തലുകളും കണ്ടെത്തലുകളും

27/11/2025 ൽ ഈ കേസിലെ വിശദമായ വാദം കേൾക്കൽ സി.ജി.ആർ.എഫ് (സൌത്ത്) കൊട്ടാരക്കര കോടതി ഹാളിൽ വച്ച് നടന്നു. ഹർജിക്കാരനും എതിർ കകക്ഷിയും ഹാജരായി . ഇരുവരും വിചാരണ വേളയിൽ നത്തിയ വാദ പ്രതിവാദങ്ങൾ വിശദമായി കേട്ടു. ഹർജിയും ഫയലിലെ മറ്റ് രേഖകളും എതിർ കക്ഷിയുടെ സത്യപ്രസ്താവനയും പരിശോധിച്ചതിൽ നിന്നും പരാതിക്കാരന്റെ വസ്തുവിലൂടെ കടന്ന് പോകുന്ന സ്ട്രീറ്റ് ലൈനുകൾ റോഡിൽ കൂടി മാറ്റി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട വിഷയമാണ് പ്രതിപാദിച്ചിരിക്കുന്നതെന്ന് മനസ്സിലാക്കുന്നു. ഹർജിക്കാരൻ ലൈസൻസിക്ക് സമർപ്പിച്ച പരാതി പ്രകാരം മരം മുറിച്ച് മാറ്റുന്നതിലേയ്ക്കാവശ്യമായ എസ്റ്റിമേറ്റ് തുക ആണ് അടപ്പിച്ചിരിക്കുന്നത് എന്ന് ഫോറത്തിന് മനസ്സിലാക്കാൻ കഴിഞ്ഞു. ഇവിടെ പരാതിക്കാരന്റെ പ്രശ്നം പൂർണ്ണമായും പരിഹരിക്കപ്പെട്ടിട്ടില്ല. ലൈനുകൾ റോഡിലൂടെയുള്ള പോസ്റ്റിൽ മാറ്റി സ്ഥാപിക്കുന്നതിന് തൊട്ടടുത്ത വീടിന് മുൻപിലൂടെ ക്രോസിംഗ് വരുമെന്ന് ലൈസൻസി വിശദമാക്കി . ആ റൂട്ടിലൂടെ ഒരു ത്രി ഫേസ് കണക്ഷൻ നൽകുക എന്നത് സാങ്കേതികമായി ചെയ്യുവാൻ സാധിക്കുന്നതല്ല എന്ന് ലൈസൻസി വ്യക്തമാക്കി .ഇവിടെ statutory safety clearance പാലിക്കാൻ സാധിക്കാത്തതുമാണ്. പഞ്ചായത്ത് അല്ലെങ്കിൽ പരാതിക്കാരൻ ലൈനുകൾ മാറ്റി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ടുണ്ടാകുന്ന ചിലവ് തുകയായ 9500/- രൂപ അടയ്ക്കുന്ന മുറയ്ക്ക് ലൈൻ മാറ്റി സ്ഥാപിക്കാംമെന്ന് ലൈസൻസി വ്യക്തമാക്കി . ഇവിടെ പരാതിക്കാരനിൽ നിന്നും Dismantling & refitting charges ഒരു പ്രാവശ്യം ഈടാക്കിയതിനാൽ വീണ്ടും ഈടാക്കരുതെന്ന് ഫോറം നിർദ്ദേശിച്ചു. പോസ്റ്റ് മാറ്റുന്നതിനാവശ്യമായ തുക മാത്രം ഈടാക്കി പരാതി പരിഹരിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുവാൻ ലൈസൻസിയോട് ഫോറം നിർദ്ദേശിച്ചു. ഈ പരാതി താഴെ പറയുന്ന പ്രകാരം തീർപ്പാക്കി ഉത്തരവായിരിക്കുന്നു.

**<u>ഉത്തരവ്</u>**

1. ആപ്ലിക്കേഷൻ ഫീസും ഡിസ്മാന്റിലിംഗ് ചാർജ്ജും ഒഴികെയുള്ള എസ്റ്റിമേറ്റ് റിവൈയ്സ് ചെയ്ത് നൽകി തുക അടയ്ക്കുന്ന മുറയ്ക്ക് അപേക്ഷകന്റെ ആവശ്യപ്രകാരമുള്ള വർക്ക് പൂർത്തീകരിക്കേണ്ടതാണ്.

2. ചിലവുകൾ ഒന്നും തന്നെ ഉത്തരവായിട്ടില്ല.

If the petitioner is not satisfied with the above order of this Forum, he is at liberty to prefer appeal before the Electricity Ombudsman within 30 days from the date of receipt of this order.

The address of the Electricity Ombudsman is furnished below.

'The State Electricity Ombudsman, D.H & Foreshore Road Junction, Near Gandhi Square, Ernakulam, Kerala – 682 016. Phone: 0484 2346488'

| Sd/- | Sd/- | Sd/- |
|---|---|---|
| C .K.HARIKUMAR | SMT. SAJINA.T | LAILA.N.G |
| ADVOCATE<br>MEMBER III | EXECUTIVE ENGINEER<br>MEMBER II | DEPUTY CHIEF ENGINEER<br>CHAIRPERSON |

Forwarded

*Sd/-*

CHAIRPERSON
(DEPUTY CHIEF ENGINEER)

<u>No: CGRF/KTR/OP No.40/2025-26/990 Dated : 16/12/2025</u>

Delivered to:

1. Sri. Surendran Raghavan, Shastri Bhavan (South) Mynagappally PIN -690519 E-mail-Surasbhavan@gmail.com Mob.No.9447557691.
2. The Assistant Executive Engineer, Electrical Sub Division, Sasthamkottah.
3. The Assistant Engineer, Electrical Section, Mynagappally.

Copy to:-

1. The Secretary, KSERC, KPFC Bhavanam, Vellayambalam, Thiruvananthapuram.
2. The Deputy Chief Engineer, Electrical Circle, Kollam
3. The Executive Engineer, Electrical Division, Karunagappally.